




**ഗാന്ധിയൻ സംഘടനകൾ ഏറെയുണ്ടായിട്ടും കേരളത്തിലെ ജനകീയ സമരങ്ങളിലോ സാമൂഹിക പ്രശ്നങ്ങളിലോ അവയ്ക്ക് എന്തുകൊണ്ട് ഇടപെടാൻ കഴിയുന്നില്ല? ഗാന്ധിയൻ സംഘടനകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്നും അതിൽ ഏറെ വിഷമവുമുണ്ടെന്നും കേരളത്തിലെ പ്രമുഖ ഗാന്ധിയൻ സംഘടനയായ കേരള സർവ്വോദയ മണ്ഡലത്തിന്റെ പ്രസിഡന്റ്**

**തായാട്ട് ബാലൻ**

**(സംഭാഷണത്തിൽ നിന്നും തയ്യാറാക്കിയത്: പി.എം. ജയൻ)**

# പ്രവർത്തനം തൃപ്തികരമല്ല

ഒട്ടും തൃപ്തികരമല്ലാത്ത ഈ പോക്കിനെ നിഷേധിച്ചിട്ട് കാര്യമില്ല. ഗാന്ധിയൻ ദർശനത്തിന് കിട്ടുന്ന സ്വീകാര്യതയ്ക്കനുസരിച്ച് സംഘടനാപരമായ വളർച്ചയോ ഇടപെടാനുള്ള വീര്യമോ വർധിക്കാത്തതിൽ ദു:ഖമുണ്ട്. പുതിയ ചെറുപ്പക്കാരെ എന്തുകൊണ്ട് ഗാന്ധിയൻ സംഘടനകൾക്ക് ആകർഷിക്കാൻ കഴിയുന്നില്ല എന്ന കാര്യം ഞങ്ങളൊക്കെ എത്രയോ കാലം മുമ്പേ ചർച്ച ചെയ്യുന്ന വിഷയമാണ്. എന്താണ് ഞങ്ങൾ ചെയ്യേണ്ടത്? ഇന്നത്തെ ചെറുപ്പകാരെ ആകർഷിക്കാൻ പറ്റുന്ന സംഗതികളൊന്നും ഞങ്ങളുടെ കൈവശമില്ല. തായാട്ട് ബാലൻ സംസാരിച്ചു തുടങ്ങി.

യുവതലമുറയ്ക്ക് ഓടിക്കൂടാൻ വേണ്ടതൊന്നും ഗാന്ധിയൻ പ്രസ്ഥാനത്തിൽ ഇല്ല. എന്തിനോടെങ്കിലും സമരം ചെയ്യണമെങ്കിൽ പുതിയ ചെറുപ്പക്കാർക്ക് വേണ്ടത് ഒന്നുകിൽ ഒരു വാഹനത്തിന് കല്ലെറിയണം, അല്ലെങ്കിൽ ഒരു ടിയർഗ്യാസ് പൊട്ടിക്കാനോ ലാത്തിചാർജ്ജിനോ വേണ്ട അവസരമൊരുക്കണം. ഇത്തരത്തിലുള്ള സമരത്തിലേക്ക് നീങ്ങാനാണ് അവർക്ക് താൽപ്പര്യം. ഇത്തരത്തിൽ ചെറുപ്പക്കാരുടെ അഭിരുചികൾ പൂർണ്ണമായും തൃപ്തിപ്പെടുത്തുന്നതിനനുസരിച്ചുള്ള പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ കഴിയുന്നതിനാലാകാം മറ്റു പല സംഘടനകൾക്കും അവരെ ആകർഷിക്കാൻ കഴിയുന്നത്. എന്നാണ് ബാലേട്ടൻ പറയുന്നത്.

തൃശൂരിൽ നടന്ന നാരായൺ ദേശായിയുടെ ഗാന്ധിയൻ വർത്തമാനത്തിലും മറ്റും ചെറുപ്പാക്കാരുടെ പങ്കാളിത്തം കാണാമെങ്കിലും അത്തരക്കാർ ഗാന്ധിയൻ രീതിയിലുള്ള സമരങ്ങളിലേക്ക് വരുന്നത് കുറവാണ്. എന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. പലപ്പോഴും ഗാന്ധി ദർശനങ്ങളോടുള്ള ആകർഷണത്തിനനുസരിച്ച് ആക്ടിവിസത്തിൽ ആളെകിട്ടുന്നില്ലത്രെ. കോഴിക്കോട് ഗാന്ധി പീസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഏകദിനഗാന്ധിശിൽപ്പശാല വിദ്യാർഥികൾക്കായി നടത്താറുണ്ട്. നല്ല പങ്കാളിത്തമുണ്ടാകും. എന്നാൽ അവരെയൊന്നും നമ്മൾ പിന്നീട് ഏതെങ്കിലും സാമൂഹ്യ ഇടപെടലിൽ സജീവമായി കാണാറില്ല. കാരണം ഗാന്ധി എന്നത് അവർക്ക് ഒരു സർട്ടിഫിക്കറ്റ് മാത്രമാകാം. പരിശീലനത്തിൽ പങ്കെടുത്താൽ അവർക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഗ്രേസ് മാർക്കിന് ഉപകാരപ്രദമാകും. ബാലേട്ടൻ പരിതപിച്ചു.

കേരളത്തിലെ ഗാന്ധിയൻ സംഘടനകളുടെ സമരാനുഭവങ്ങളോ ഇടപെടലുകളോ സ്മരിക്കുമ്പോൾ ഒറ്റപ്പെട്ട ചിലതിൽ തൂങ്ങിയാണ് അദ്ദേഹത്തിന്റെ സംസാരം. അത് മാറാട് കലാപവേളയിലെ ഇടപെടലും കണ്ണൂരിലെ രാഷ്ട്രീയകൊലപാതകവേളയിലെ ഇടപെടലും ചുറ്റിപ്പറ്റിയാകും. ഇതൊക്കെയും പഴയ തലമുറയിലെ ചിലരുടെ നേതൃത്വത്തിലുള്ളതുമാണ്. ആരാണ് ഇനി വരുന്ന കാലത്ത് ഇവരുടെ പതാകവാഹികരാകുക എന്നത് അദ്ദേഹത്തിന് ചോദ്യചിന്ഹമാണ്.

ചെറുപ്പക്കാരെ ആകർഷിക്കാൻ കാലോചിതമായി മാറ്റം വേണമെന്നുതന്നെയാണ് ബാലേട്ടന്റെ അഭിപ്രായം. ഗാന്ധിയൻ സത്തയായ സ്നേഹം, സത്യം, നിസ്വാർത്ഥ എന്നിങ്ങനെയുള്ള അടിസ്ഥാനകാര്യങ്ങളിൽ മാറ്റം വരുത്താതെ ബാഹ്യമായ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനാണ് 'യുവമണ്ഡലം' എന്ന നിലയിൽ ചെറുപ്പക്കാരുടേതായ സംഘടന രൂപവത്ക്കരിച്ചത്. സർവ്വോദയമണ്ഡലത്തിനുകീഴിൽ ആദ്യകാലത്ത് ഇതുണ്ടായിരുന്നു. പിന്നീട് നിർജ്ജീവമായ യുവമണ്ഡലത്തെ വീണ്ടും ശക്തിപ്പെടുത്തേണ്ടതുണ്ട്. ആറു ജില്ലകളിൽ ഇതിന്റെ യൂണിറ്റ് ഉണ്ടാക്കിയിട്ടുണ്ട്. ചെറുപ്പക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് അവരെ ഗാന്ധിയൻ ദർശനത്തിലൂടെ സമരസജ്ജരാക്കുക എന്നതാണ് ലക്ഷ്യം എന്നദ്ദേഹം പറഞ്ഞു.



നിർമ്മാണ പ്രവർത്തന രംഗത്തും പഴയ രീതി മാറ്റേണ്ടതുണ്ട്. ഉദാഹരണത്തിന് ചർക്കയുടെ കാര്യത്തിൽ. ഗാന്ധിയുടെ സാധാരണ ചർക്കയിൽ നിന്ന് അമ്പർ ചർക്കയിലേക്കുള്ള മാറ്റം വലിയ മാറ്റമാണുണ്ടാക്കിയത്. അതിനനുസരിച്ച് വരുമാനവും കൂടിയിട്ടുണ്ട്. ദിവസം നൂറു രൂപയെങ്കിലും വരുമാനമുണ്ടാക്കുന്ന നിലയിലേക്കാണ് വളർച്ച. ഈ മേഖലയിലേക്ക് ജനങ്ങളെ കൊണ്ടുവരേണ്ടതുണ്ട്. നിലവിൽ മറ്റു മേഖലയിൽ നല്ല വരുമാനം ഉണ്ടാകുമ്പോൾ ആരും നൂറു രൂപ വരുമാനമുള്ള ജോലിയിലേക്ക് വരില്ലെന്നറിയാം. അതിനാൽ വീടിനു പുറത്തേക്ക് ജോലിക്കൊന്നും പോകാൻ കഴിയാത്ത സ്ത്രീകൾ അടക്കമുള്ള വിഭാഗത്തെ തിരഞ്ഞു പിടിച്ച് അവർക്ക് ഇത്തരത്തിൽ അമ്പർ ചർക്ക കൊടുത്താൽ അത് അത്തരം വ്യക്തികൾക്ക് വലിയ നേട്ടമാകും. കൂടുതൽ ചർക്കകൾ ഒരാളുടെ കീഴിൽ എന്നത് മുതലാളിത്തത്തെയാണ് പ്രോത്സാഹിപ്പിക്കുക. അതിനാൽ വ്യക്തിതന്നെ മുതലാളിയും തൊഴിലാളിയുമാകുന്ന നിലയിൽ സ്വയംപര്യപ്തമായാണ് ഇത് നടപ്പാക്കേണ്ടത്. തമിഴ്നാട്ടിൽ ഇത് ഗാന്ധിയൻ സംഘടനകളുടെ നേതൃത്വത്തിൽ നന്നായി നടക്കുന്നുണ്ട്. അത് ഇവിടെയും കൊണ്ടുവരാം. ഇത്തരത്തിൽ ആധുനികവത്ക്കരണം കൊണ്ടുവന്നാലേ ഖാദി നിലനിൽക്കൂ. ബാലേട്ടൻ അഭിപ്രായപ്പെട്ടു.

നിലവിലുള്ള ഗാന്ധിയൻ സംഘടനകൾക്ക് മറ്റു രാഷ്ട്രീയപാർട്ടികളെപ്പോലെ ആസ്തിയൊന്നുമില്ലത്രെ. കേരളത്തിൽ അഞ്ചു ജില്ലകളിൽമാത്രമാണ് ആസ്തിയും സ്ഥാപനവുമുള്ളത്. അതെല്ലാം ബാങ്കിൽ വച്ചാണ് വിവിധ പ്രവർത്തനത്തിനായി ഫണ്ട് കണ്ടെത്തുന്നത്. ശരിയായ രീതിയിൽ ഫണ്ട് കണ്ടെത്താൻ കഴിയാത്തതും ഇക്കാലത്ത് ഒരു സംഘടനയെ മുന്നോട്ടു കൊണ്ടുപോകുന്നതിൽ പ്രശ്നമുണ്ടാക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ പഴയതുപോലെ ഗാന്ധിയൻ മൂല്യങ്ങൾ അപ്പടി പകർത്തുന്നവരുടെ എണ്ണവും സംഘടനയിൽ കുറഞ്ഞിട്ടുണ്ട്. മൂല്യച്യുതി തങ്ങളുടെ സംഘടനയിലും ഉണ്ട് എന്നത് പറയാതിരിക്കാൻ കഴിയില്ല എന്നദ്ദേഹം തുറന്നടിച്ചു. ഏറണാകുളത്തെ ഗാന്ധിഭവൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട കേസും, മദ്യനിരോധനസമതിപോലുള്ള പ്രസ്ഥാനങ്ങളിലും ഗാന്ധിയൻ സംഘടനകളിലുമുള്ള പ്രശ്നങ്ങളുമൊക്കെ അതിലേക്കാണ് വിരൽ ചൂണ്ടുന്നതെന്ന് ബാലേട്ടൻ പറയുന്നു.

വ്യക്തിശുദ്ധി പലരിലും കുറയുന്നു എന്നത് സത്യമാണ്. ജനം പ്രതീക്ഷിക്കുന്നത്ര നന്നാവാത്തതുപോലെ. എല്ലാ മനുഷ്യരിലും ഈഗോ ഉണ്ട്. അതേ പോലെ നന്മതിന്മകൾ. ഇതൊക്കെയും ഗാന്ധിയൻ പ്രസ്ഥാനത്തിലും വന്നുചേർന്നിരിക്കുന്നു. ഈ സത്യം നിഷേധിച്ചിട്ട് കാര്യമില്ല. സംഘടനയുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങളൊന്നും ആശയപരമല്ലെന്നത് വ്യക്തമാണെന്നും അദ്ദേഹം പറഞ്ഞു.

ആദ്യകാലത്ത് പല രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സർവ്വോദയമണ്ഡലത്തിൽനിന്നുള്ളവരുണ്ടായിരുന്നു. എന്നാലിപ്പോൾ രാഷ്ട്രീയപ്രസ്ഥാനങ്ങളെല്ലാം വലിയ മൂല്യച്യുതിയെ അഭിമുഖീകരിക്കുകയാണ്. അതിനാൽതന്നെ വ്യക്തിപരമായി, കുടുംബപരമായി ലാളിത്യവും ഗാന്ധിയൻ മൂല്യവും സൂക്ഷിക്കുന്നവർ കുറവാണ്. പലപ്പോഴും പ്രശ്നപരിഹാരത്തിനും മറ്റും കൂട്ടിയൊട്ടിക്കാനുള്ള പശയായാണ് രാഷ്ട്രീയപാർട്ടികൾ ഗാന്ധിയൻ സംഘടനയെ ഉപയോഗിക്കാറ്. സംഘടനയും അതിലെ വ്യക്തികളും സ്വാർത്ഥത വെടിയുകയെന്നതാണ് നിലവിലുള്ള ദൗർബല്യങ്ങൾ ഇല്ലാതാക്കാനുള്ള ആദ്യപോംവഴി. എന്നുവച്ച് മഹർഷിമാരെ പോലെ രാമനാമം ജപിച്ച് നടക്കാനൊന്നും ഗാന്ധി പറഞ്ഞിട്ടില്ല. അത്തരത്തിലുള്ള പ്രവർത്തി രാജ്യത്തിനുതന്നെ അപകടകരമാകും എന്ന അഭിപ്രായവും അദ്ദേഹത്തിനുണ്ട്.

ഇന്ത്യയിലെ ഇന്നത്തെ സാമൂഹ്യ സാമ്പത്തിക അസമത്വത്തിനും പ്രതിസന്ധിക്കും പ്രധാന ഉത്തരവാദി നെഹ്റുവിയൻ സാമ്പത്തികനയമാണ്. കോൺഗ്രസ് സംഘടന പിരിച്ചുവിട്ട് ജനങ്ങൾക്കിടയിൽ പ്രവർത്തിക്കണമെന്ന് ഗാന്ധി നിർദ്ദേശിച്ചിട്ടും അധികാരത്തിലേറിയ നെഹ്റു വിദേശത്ത് കാണുന്ന ഓരോ വികസനനേട്ടവും ഇന്ത്യയിൽ കൊണ്ടുവരാൻ മോഹിക്കുകയും നടപ്പാക്കുകയുമായിരുന്നു. അതാണ് കേരളത്തിൽ നിന്ന് വിഭിന്നമായി ഉത്തരേന്ത്യയിലും മറ്റും ഇപ്പോഴും കാണുന്ന പ്രതിസന്ധികൾക്ക് കാരണം. നഗരങ്ങളെ എടുത്തുകാട്ടി വികസനം എന്നു പറയുമ്പോഴും ഇന്നും ഗ്രാമം കടുത്ത പ്രതിസന്ധിയിലാണുള്ളത്. (കേരളം തികച്ചും വ്യത്യസ്തമാണ്) സമ്പന്നനും ദരിദ്രനും തമ്മിലുള്ള അന്തരം വലുതാകുമ്പോഴും അവസരസമത്വം തന്നിരിക്കുന്നു എന്ന് പറയുന്ന സർക്കാർ ജനങ്ങളെ കബളിപ്പിക്കുകയാണെന്നും ബാലേട്ടൻ വിശദീകരിച്ചു.